**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 3538**

## മത്സ്യതൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പഞ്ഞമാസങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതെ വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മത്സ്യതൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2017-18 ലെ ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | 2017-18 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2060 ലക്ഷം രൂപ 2405-00-800-99(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിമൂലം മത്സ്യതൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി അടയ്ക്കുന്ന 1500/- രൂപയും അതേ തുക അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ വിഹിതവും ചേർത്ത് 4500/- രൂപ മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കും ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതാണ്. എന്നാൽ കേന്ദ്ര സർക്കാർ വിഹിതം വകയിരുത്തിയതായി അറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ